**പതിമൂന്നാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 97** **04.02.2013 ൽ മറുപടിയ്ക്ക്**

**മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായം വർദ്ധിപ്പിക്കുന്നതിന് നടപടി**

| **ചോദ്യം** | **ഉത്തരം** |
| --- | --- |
| ശ്രീ. മോൻസ് ജോസഫ് | **ശ്രീ. ഉമ്മൻ ചാണ്ടി**<br>**(ബഹു. മുഖ്യമന്ത്രി)** |
| (എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും പാവപ്പെട്ട രോഗികൾക്ക് നൽകുന്ന ചികിത്സാ ധനസഹായത്തിന്റെ തുക വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | (എ) ഫണ്ടിന്റെ ലഭ്യതക്കുറവുമൂലം തല്ക്കാലം ധനസഹായത്തിന്റെ തുക വർദ്ധിപ്പിക്കാൻ നിർവ്വാഹമില്ല. |
| (ബി) ദുരിതാശ്വാസ നിധിയിൽ നിന്നും ലഭ്യമാക്കുന്ന ചികിത്സാ ധനസഹായത്തിന്റെ കാലതാമസം ഒഴിവാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ; | (ബി) ഫണ്ടിന്റെ കുറവാണ് ധനസഹായം വിതരണം ചെയ്യുന്നതിനുള്ള കാലതാമസത്തിന് കാരണം. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ധനസഹായം അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിച്ച് രണ്ടാഴ്ചയ്ക്കുള്ളിൽ തുക ഗുണഭോക്താക്കൾക്ക് നൽകാൻ വേണ്ട നിർദ്ദേശം ജില്ലാ കളക്ടർമാർക്ക് നൽകിയിട്ടുണ്ട്. |
| (സി) പാവപ്പെട്ട രോഗികൾക്ക് നൽകിവരുന്ന ചികിത്സാ ധനസഹായത്തിന്റെ മാനദണ്ഡത്തിൽ മാറ്റം വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ ? | (സി) ഇപ്പോൾ പരിഗണനയിലില്ല. |

Vaijayan

**സെക്ഷൻ ഓഫീസർ.**